# പതിമൂന്നാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നം.6821 13.07.2012 ൽ മറുപടിക്ക്

## കാസർകോട് ജില്ലയിൽ എൻഡോസൾഫാൻ ബാധിതരായ രോഗികൾക്ക് ധനസഹായം

| ചോദ്യം<br>ശ്രീ. ഇ. ചന്ദ്രശേഖരൻ: | | ഉത്തരം<br>ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കാസർകോട് ജില്ലയിൽ എൻഡോസൾഫാൻ ബാധിതരായ രോഗികൾക്ക് ചികിത്സയ്ക്കും പുനരധിവാസത്തിനുമായി എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് അറിയിക്കാമോ; | (എ) | എൻഡോസൾഫാൻ ഇരയായവർക്ക് ദുരിതാശ്വാസം നൽകാനും അവരുടെ പുനരധിവാസത്തിനുമായി സ്വീകരിച്ച നടപടികൾ താഴെപ്പറയുന്നു.<br>1.മെഡിക്കൽ കോളേജിൽ നിന്നുള്ള വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ 29 സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ നടത്തി 26,200 രോഗികളെ സ്ക്രീൻ ചെയ്യുകയും 4,880 രോഗികളെ എൻഡോസൾഫാൻ ദുരിത ബാധിതരുടെ പട്ടികയിൽപ്പെടുത്തുകയും ചെയ്തു.<br>2. സ്മാർട്ട് കാർഡ് പദ്ധതിയുടെ സഹായത്തോടെ ദുരിതബാധിതർക്ക് സൗജന്യ ചികിത്സ സംസ്ഥാനത്തിനകത്തും മംഗലാപുരത്തുമുള്ള 12 ആശുപത്രികളിൽ ലഭ്യമാക്കുന്നതിനു നടപടികൾ സ്വീകരിച്ചു. 3,720 രോഗികൾക്ക് സ്മാർട്ട് കാർഡുകൾ ഇതിനകം നൽകി. 40 ലക്ഷം രൂപയുടെ സൗജന്യ ചികിത്സയും ഇതിനകം ലഭ്യമാക്കിയിട്ടുണ്ട്.<br>3.രോഗികളെ ആശുപത്രിയിൽ എത്തിക്കു ന്നതിന് സൗജന്യ ആംബുലൻസ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.<br>4. കിടപ്പിലായ രോഗികൾക്കുള്ള സാന്ത്വന പരിചരണ സംവിധാനങ്ങൾ ഏർപ്പെടുത്തി.<br>5.എൻഡോസൾഫാൻ ബാധിതരിൽ പൂർണ്ണമായി കിടപ്പിലായവർക്ക് 2,000/- രൂപയും അല്ലാത്തവർക്ക് 1,000/- രൂപയും പ്രതിമാസം പെൻഷൻ ഏർപ്പെടുത്തി.<br>6. ദുരിതബാധിതർക്ക് സൗജന്യറേഷൻ ഏർപ്പെടുത്തി. |

| | | | |
|---|---|---|---|
| | | | 7. എൻഡോസൾഫാൻ ദുരിത ബാധിതരുടെ ചികിത്സയ്ക്കായി 22 സ്റ്റാഫ് നഴ്സ്, 69 ഫീൽഡ് സ്റ്റാഫ്, 11 ഫിസിയോതെറാപ്പിസ്റ്റ് എന്നിവരുടെ സേവനം ലഭ്യമാക്കി.<br>8. കേരളാ സ്റ്റേറ്റ് സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന 1808 കുട്ടികൾക്ക് 1000, 2000, 2500 രൂപ നിരക്കുകളിൽ 2011-12 അദ്ധ്യയനവർഷം സ്കോളർഷിപ്പ് നൽകി.<br>9. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ശുപാർശ പ്രകാരം മരണമടഞ്ഞവരുടെ ബന്ധുക്കൾക്കും പൂർണ്ണമായി കിടപ്പിലായ രോഗികൾക്കും 5 ലക്ഷം രൂപ വീതവും , മറ്റ് വൈകല്യങ്ങൾ ഉള്ളവർക്ക് 3 ലക്ഷം രൂപയും നൽകാൻ ഉത്തരവായി.<br>10.എൻഡോസൾഫാൻ രോഗികളുടെ പുനരധിവാസത്തിനായി 7 ബഡ്സ് സ്കൂളുകൾ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ആരംഭിച്ചു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി എത്ര പേർക്ക് ആനുകൂല്യം നൽകിയെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ ? | (ബി) | എൻഡോസൾഫാൻ ദുരിതബാധിതരുടെ മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് 1 ലക്ഷം രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വിതരണം ചെയ്തു വരുന്നു. മരണമടഞ്ഞവർക്കുള്ള സാമ്പത്തിക സഹായം 734 പേർക്ക് നൽകി. ഇതിൽ 536 പേർക്ക് പുതിയ സർക്കാർ വന്നതിനു ശേഷം 1 ലക്ഷം രൂപ വീതം നൽകി. 178 പേർക്ക് 50,000 രൂപ വീതവും നൽകി. പുതിയ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011 ആഗസ്റ്റ്, ഡിസംബർ മാസങ്ങളിലായി 9 സ്പെഷ്യാലിറ്റി മെഡിക്കൽ ക്യമ്പുകൾ നടത്തി യിട്ടുണ്ട്. ചികിത്സ, പ്രതിമാസ സാമ്പത്തിക സഹായം, സൗജന്യ റേഷൻ എന്നീ കാര്യങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടങ്ങി അത് ഇപ്പോഴും തുടർന്നു വരുന്നു. വിദ്യാഭ്യാസ സ്കോളർ ഷിപ്പ് ഈ സർക്കാർ നടപ്പിലാക്കിയതാണ്. |

(signature)

സെക്ഷൻ ഓഫീസർ